3789
31/3/15

കേരള സർക്കാർ

## സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയം - ചൈൽഡ് അവാർഡ് ഫോർ എക്സപ്ഷണൽ അച്ചീവ്മെന്റ് - അവാർഡ് ജേതാക്കളായ സംസ്ഥാനത്തെ കുട്ടികൾക്ക് പ്രോൽസാഹനം നൽകുന്ന പദ്ധതി - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

### സാമൂഹ്യനീതി (എ) വകുപ്പ്

സ.ഉ. (ആർ.റ്റി) നം. 179/2015/സാ.നീ.വ. തീയതി, തിരുവനന്തപുരം: 26.03.2015.

=====================================================================

പരാമർശം:- 17.10.2014, 09.01.2015 തീയതികളിലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ ഐ.സി.പി.എസ്.1/17788/14 നമ്പർ കത്തുകൾ.

### ഉത്തരവ്

പഠനം, കല, സാംസ്ക്കാരികം, കായികം തുടങ്ങിയ മേഖലകളിൽ അനിതര സാധാരണ കഴിവ് പ്രകടിപ്പിക്കുന്ന 15 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയം വർഷം തോറും 'നാഷണൽ അവാർഡ് ഫോർ എക്സപ്ഷണൽ അച്ചീവ്മെന്റ്' അവാർഡ് നൽകി വരുന്നു. അവാർഡ് ജേതാക്കളിൽ ഒരു കുട്ടിക്ക് സ്വർണ്ണമെഡലും 20,000/- രൂപയും 35 പേർക്ക് വെള്ളിമെഡലും സർട്ടിഫിക്കറ്റും 10,000/- രൂപയും പാരിതോഷികമായി നൽകി വരുന്നു.

2. കേരളത്തിൽ ഇത്തരത്തിലുള്ള അവാർഡ് നേടുന്ന കുട്ടികളുടെ എണ്ണം വളരെ കുറവാണ്. അവാർഡ് ജേതാക്കൾക്ക് സംസ്ഥാന സർക്കാർതലത്തിൽ പാരിതോഷികമോ പ്രോത്സാഹനമോ നൽകുന്നതിനുള്ള പദ്ധതികളൊന്നുംതന്നെ നിലവിലില്ല. ആയതിനാൽ ഇവർക്ക് സംസ്ഥാന സർക്കാർ അനുമോദനവും പാരിതോഷികവും/പ്രോത്സാഹനം നൽകണമെന്ന ആവശ്യം വിവിധ കോണുകളിൽ നിന്ന് ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ പരാമർശത്തിലെ ശുപാർശ പരിഗണിച്ച് ദേശീയ അവാർഡ് ജേതാക്കളായ കുട്ടികളെ സാമൂഹ്യനീതി ദിനത്തിൽ ആദരിക്കുന്നതിനും, അവാർഡ് ജേതാക്കളുടെ കഴിവുകൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സ്വർണ്ണമെഡൽ

ജേതാക്കൾക്ക് പ്രതിവർഷം 7500/- രൂപയും വെള്ളിമെഡൽ ജേതാക്കൾക്ക് പ്രതിവർഷം 5000/- രൂപ വീതവും 18 വയസ്സ് പൂർത്തിയാകുന്നതുവരെ സ്റ്റൈപന്റ് അനുവദിച്ചുകൊണ്ടും പ്രസ്തുത തുക ഐ.സി.പി.എസ്-ന്റെ സംസ്ഥാന വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**എ.ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
4. വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
5. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

Jayasree

സെക്ഷൻ ഓഫീസർ.